**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.450 | 12.06.2012 ൽ മറുപടിക്ക്

## സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ.റ്റി.എൻ. പ്രതാപൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
| (എ) വാഹനങ്ങളിൽ പോകുന്ന സ്കൂൾകുട്ടികൾക്ക് സുരക്ഷ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട് വിശദമാക്കുമോ; | (എ) | 1. 30.01.2012 ലെ ജി.ഒ.(പി) നം 03/2012/ട്രാൻ എന്ന സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ കുട്ടികളെ വഹിച്ചു കൊണ്ടു പോകുന്ന എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും (മുച്ചക്ര വാഹനങ്ങൾ ഒഴികെ) സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്.<br>2. 10.05.2012 ലെ ജി.ഒ(പി) നം.25/2012/ട്രാൻ എന്ന സർക്കാർ ഉത്തരവ് പ്രകാരം 1989-ലെ കേരള മോട്ടോർ വാഹന ചട്ടം ഭേദഗതി ചെയ്യുകയും താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്കൂൾ ബസുകൾക്കുള്ള പെർമിറ്റിൽ നിബന്ധനയായി ചേർത്തിട്ടുണ്ട്.<br>(എ.) സ്കൂൾ കുട്ടികളെ കൊണ്ട് പോകുന്നതിനുള്ള വാഹനം വാടകയ്ക്കെടുത്ത വാഹനമാണെങ്കിൽ "on school duty" എന്ന ബോർഡ് വെളുത്ത പശ്ചാത്തലത്തിൽ നീല നിറത്തിലുള്ള അക്ഷരങ്ങളിൽ എഴുതി വ്യക്തമായി കാണത്തക്കവിധം വാഹനത്തിന്റെ മുൻ-പിൻ ഭാഗങ്ങളിൽ മുകളിലായി പ്രദർശിപ്പിച്ചിരിക്കണം.<br>(ബി). 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 151-ൽ നിഷ്കർഷിക്കുന്ന രീതിയിലുള്ള ഫസ്റ്റ് എയ്ഡ് ബോക്സ് വാഹനത്തിൽ സജ്ജീകരിച്ചിരിക്കണം.<br>(സി). സ്കൂൾ കുട്ടികളെകൊണ്ട് പോകുന്ന വാഹനങ്ങളിൽ തിരശ്ചീനമായി (ഹൊറിസോണ്ടലായി) ഗ്രില്ലുകൾ ഘടിപ്പിച്ചിരിക്കണം.<br>(ഡി) വാഹനത്തിന് ഫയർ എക്സ്റ്റിൻഗ്വിഷർ |

| | | |
|---|---|---|
| | | സജ്ജീകരിച്ചിരിക്കണം.<br>(ഇ) വാഹനത്തിലെ പ്രധാനപ്പെട്ട ഭാഗത്ത് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരും, ടെലിഫോൺ നമ്പരും എഴുതി പ്രദർശിപ്പിച്ചിരിക്കണം.<br>(എഫ്) വാഹനത്തിന്റെ ഡോറുകൾ ഉറപ്പുള്ള താഴുകളാൽ സജ്ജീകരിച്ചിരിക്കണം.<br>(ജി) സ്കൂൾ ബാഗുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി സീറ്റുകൾക്ക് താഴെയായി ആവശ്യത്തിന് സ്ഥലം ഉണ്ടായിരിക്കണം.<br>(എച്ച്) കുട്ടികളെ സഹായിക്കുന്നതിനായി വാഹനത്തിൽ യോഗ്യതയുള്ള ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം.<br>(ഐ) വാഹനത്തിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പ വരുത്തുന്നതിനായി ഏതെങ്കിലും ഒരു രക്ഷാകർത്താവ് / മാതാപിതാക്കൾ അല്ലെങ്കിൽ ടീച്ചർ എന്നിവരിലാരെങ്കിലും സ്കൂൾ വാഹനത്തിൽ സഞ്ചരിച്ചിരിക്കണം.<br>(ജെ) വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയവും, ഹെവി വാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ കുറയാത്ത പരിചയവും ഉണ്ടായിരിക്കണം.<br>(കെ) റെഡ് ലൈറ്റ് ജംപിംഗ്, ലെയ്ൻ ഡിസിപ്ലിൻ വയലേഷൻ, അനധികൃതമായി മറ്റ് വ്യക്തികളെ വാഹനം ഓടിക്കുവാൻ അനുവദിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ഒരു വർഷത്തിൽ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട വ്യക്തിയെ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല.<br>(എൽ) വാഹനത്തിൽ സഞ്ചരിക്കുന്ന വ്യക്തികളുടെ വിശദവിവരങ്ങൾ വാഹനത്തിൽ സൂക്ഷിച്ചിരിക്കണം. സഞ്ചരിക്കുന്ന വ്യക്തികളുടെ പേര്, രക്ഷാകർത്താവിന്റെ പേര്, മേൽ വിലാസം, ടെലിഫോൺ നമ്പർ/ മൊബൈൽ നമ്പർ (ബന്ധപ്പെടുന്നതിനായി) തുടങ്ങിയ വിവരങ്ങൾ ശരിയായ രീതിയിൽ ലാമിനേറ്റ് ചെയ്ത് വാഹനത്തിൽ സൂക്ഷിച്ചിരിക്കണം.<br>(എം) വാഹനത്തിലെ ജോലിക്കാരുടെ സ്വഭാവം വിലയിരുത്തുന്നതിനും ജോലിക്കാർ നൽകുന്ന സേവനം തൃപ്തികരമാണോ എന്ന് വിലയിരുത്തുന്നതിനുമായി സ്കൂൾ |

| | | |
|---|---|---|
| | | അധികൃതർ/പാരന്റ് ടീച്ചർ അസോസിയേഷന്റെ ചുമതല വഹിക്കുന്ന വ്യക്തി എന്നിവരിലാരെങ്കിലും വാഹനം മിന്നൽ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.<br>മേൽ പറഞ്ഞതു കൂടാതെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി 09-06-2010 ലെ തീരുമാനത്തിലൂടെ താഴെ പറയുന്നവകൂടി മാനദണ്ഡമായി സ്വീകരിച്ചിട്ടുണ്ട്.<br>(എ) സ്കൂൾ കുട്ടികളെ വഹിച്ചു കൊണ്ടു പോകുന്ന വാഹനത്തിലെ യാത്രക്കാരുടെ എണ്ണം 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 221-ൽ നിഷ്ക്കർഷിച്ചിട്ടുള്ളതിനെക്കാളും കൂടുതലാകാൻ പാടുള്ളതല്ല.<br>(ബി) എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസിന്റെ ഓരോ കവാടത്തിനും ഡോറുകൾ ഉണ്ടായിരിക്കണം.<br>(സി) ബസിലെ അറ്റൻഡർ കുട്ടികളെ വാഹനത്തിൽ കയറ്റുന്നതിനും, ഇറങ്ങുന്നതിനും, റോഡ് മുറിച്ചുകടക്കുന്നതിനും സഹായിക്കേണ്ടതാണ്. |
| (ബി) ആയത് കർശനമായി നടപ്പിലാക്കുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കുമോ; | (ബി) | വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും വാഹനത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും, പരിശോധന നടത്തുന്ന സമയത്തും മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് വഴിയും, ഡി.റ്റി.സി.മാരുടെ സ്ക്വാഡ് വഴിയും നിർദ്ദേശങ്ങൾ കർശനമായി നടപ്പിൽ വരുത്തുന്നുണ്ടോയെന്ന് ഉറപ്പു വരുത്താറുണ്ട്. എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ് ഡ്രൈവർമാർക്ക് മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകളും ട്രെയിനിംഗും നടത്തുന്നുണ്ട്. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങളുടെയും അതിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികളുടെയും സുരക്ഷ സംബന്ധിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയും സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി പോലീസ്, മോട്ടോർ വാഹന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ |

| | | |
|---|---|---|
| | | ഉൾപ്പെടുത്തി സംയുക്ത സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ വാഹനങ്ങളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ അധികൃതർ, ഹെഡ്മാസ്റ്റർമാർ , അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ പാലിക്കേണ്ട സുരക്ഷിതത്വ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 3.7.2011, 27.9.2011 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കുട്ടികളുടെ യാത്രാസുരക്ഷിതത്വം ഉറപ്പാക്കുന്നതിലേക്കായി സ്റ്റേറ്റ് പോലീസ് ചീഫും ബന്ധപ്പെട്ടവർക്കെല്ലാം 19.3.2011 ലെ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ആയതിനായി ഏർപ്പെടുത്തിയ ജി.പി.എസ് സംവിധാനം എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (സി & ഡി) | ജി.പി.എസ് സംവിധാനം വാഹനങ്ങളിൽ പ്രാവർത്തികമാക്കിയിട്ടില്ല. |
| (ഡി) ഈ സംവിധാനം സംസ്ഥാനം മുഴുവനും വ്യാപകമാക്കുന്ന കാര്യം ആലോചിക്കുമോ? | | |

സെക്ഷൻ ഓഫീസർ